(ബി) സ്വയംഭരണാവകാശം എടുത്തു കളഞ്ഞാൽ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ നിയമനം സ്ഥിരപ്പെടുമോ എന്ന് വ്യക്തമാക്കുമോ ;

(സി) സാംസ്കാരിക വകുപ്പിനുകീഴിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പോലെ സമാന സ്വഭാവമുള്ള എത്ര സ്ഥാപനങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട്.

പൗരാണിക രേഖകളുടെ പൈതൃകം സംരക്ഷിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ

84 (5254) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൗരാണിക രേഖകളുടെ പൈതൃകം സംരക്ഷിക്കുന്നതിനായി സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) താളിയോല രേഖകളുൾപ്പെടെയുള്ള പുരാണ രേഖകളും അപൂർവ്വ ഗ്രന്ഥങ്ങളും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ വർഷം ഏതൊക്കെ രേഖകളും പുസ്തകങ്ങളും ഡിജിറ്റലൈസ് ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇതുവരെ ഏതൊക്കെ രേഖകളും പുസ്തകങ്ങളും ഡിജിറ്റലൈസ് ചെയ്തുവെന്ന് വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള സാങ്കേതിക സഹായം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ പൗരാണിക രേഖകളുടെ പൈതൃകം സംരക്ഷിക്കുന്നതിനായി സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കൈവശമുള്ള താളിയോല രേഖകൾ, പേപ്പർ രേഖകൾ, അപൂർവ്വ പുസ്തകങ്ങൾ, മൈക്രോഫിലിമുകൾ എന്നിവയുടെ ശാസ്ത്രീയ സംരക്ഷണവും ഡിജിറ്റൈസേഷനും ചെയ്തു വരുന്നു. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള അപൂർവ്വ രേഖകൾ, പുരാതനമായ ഗ്രന്ഥങ്ങൾ എന്നിവ ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനും അഞ്ച് ജില്ലകളിൽ പൈതൃക കേന്ദ്രം ആരംഭിച്ചും രേഖകൾ സംരക്ഷിക്കുന്നതിന് കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വകുപ്പ് പ്രവർത്തിക്കുന്നു. സ്കൂൾ കുട്ടികളിൽ പൈതൃക അവബോധം സൃഷ്ടിക്കുന്നതിന് സ്കൂളുകളിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ ഹെറിറ്റേജ് ക്ലബ്ബുകൾ രൂപവൽക്കരിക്കുകയും പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശം നൽകി വരുകയും ചെയ്യുന്നു. സ്വകാര്യ വ്യക്തികൾ, അമ്പലങ്ങൾ, പള്ളികൾ മറ്റ് മത സ്ഥാപനങ്ങൾ എന്നിവരുടെ കൈവശമുള്ള രേഖകൾ ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളിലെ റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും ജീവനക്കാർക്ക് പരിശീലനവും, മറ്റ് സാങ്കേതിക സഹായവും നൽകിവരുന്നു. പൊതുജനങ്ങളിൽ പൈതൃക സംരക്ഷണത്തിന്റെ അവബോധം സൃഷ്ടിക്കുന്നതിനായി ചരിത്ര രേഖാ പ്രദർശനങ്ങൾ, ശില്പശാല എന്നിവ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) പുരാരേഖാ വകുപ്പിന്റെ കൈവശമുള്ള താളിയോല രേഖകളും അപൂർവ്വ ഗ്രന്ഥങ്ങളും ഡിജിറ്റൈസ് ചെയ്ത് മൊഴിമാറ്റം നടത്തുന്ന ജോലി സി.ഡിറ്റ് മുഖേന ചെയ്തുവരുന്നു. ഇതിനായി ലിഖിതമെന്ന സോഫ്റ്റ് വെയർ സി.ഡിറ്റ് വികസിപ്പിച്ചിട്ടുണ്ട്.

(സി) താളിയോല രേഖകളുടെ സംരക്ഷണം, ഡിജിറ്റൈസേഷൻ, പ്രസിദ്ധീകരണം എന്നീ പ്രവർത്തനങ്ങൾക്കായുള്ള ബൃഹത്തായ പദ്ധതി കേന്ദ്ര സർക്കാരിന് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) പുരാരേഖാ വകുപ്പിന്റെ കൈവശമുള്ള ചുരുണ രേഖകൾ, ഗ്രന്ഥങ്ങൾ, ഒഴുകുകൾ, മതിലകം രേഖകൾ, നീട്ടുകൾ തുടങ്ങിയ താളിയോല രേഖകൾ, തമിഴ്നാട് ആർക്കൈവ്സിൽ നിന്നും കൊണ്ടുവന്നിട്ടുള്ള അപൂർവ്വ മലയാളം പുസ്തകങ്ങൾ, പേപ്പർ രേഖകൾ, മൈക്രോഫിലിം റിക്കാർഡുകൾ എന്നിവയിൽ നിന്നും തെരഞ്ഞെടുത്തവ ആദ്യഘട്ടമെന്ന നിലയിൽ ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞു.

(ഇ) പുരാരേഖാ വകുപ്പിലെ രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ഡോ. എം. ആർ. രാഘവവാര്യർ ചെയർമാനായ സാങ്കേതിക ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ മേൽ നോട്ടത്തിലാണ് പദ്ധതി നടപ്പാക്കിവരുന്നത്. ബഹുമാനപ്പെട്ട സാംസ്ക്കാരിക വകുപ്പുമന്ത്രി ചെയർമാനായുള്ള സാങ്കേതിക ഉപദേശക സമിതിയും,

ഡോ. കെ. എൻ. പണിക്കർ ചെയർമാനായുള്ള എഡിറ്റോറിയൽ കമ്മിറ്റിയും വകുപ്പിന് വേണ്ട സാങ്കേതിക ഉപദേശം നൽകിവരുന്നു. രേഖകളുടെ ശാസ്ത്രീയ സംരക്ഷണത്തിന് നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യ, ഇന്റർനാഷണൽ കൗൺസിൽ ഓഫ് ആർക്കൈവ്സ്, കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ആർ.എൽ.സി. എന്നിവയിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു.

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്

85 (5255) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധങ്ങളായ പൈതൃക സ്ഥാപനങ്ങളുടെ പഠനത്തിനും ഗവേഷണത്തിനുമായി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ;

(ബി) ബേപ്പൂർ കപ്പൽ നിർമ്മാണ പൈതൃക പഠനത്തിനായി പ്രസ്തുത കേന്ദ്രം ഇതുവരെ എന്തൊക്കെ പഠനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി ഈ കേന്ദ്രം മറ്റേതൊക്കെ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭമായിട്ടാണ് ഈ പഠന പരിപാടി നടത്തുന്നത് ;

(ഡി) ഇതിനായി എന്തു തുക ചെലവിടാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൈതൃക പഠനത്തിൽ താത്പര്യമെടുക്കുന്ന കേരളത്തിലെ മറ്റു സ്ഥാപനങ്ങളുമായി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് സഹകരിച്ചുവരുന്നു. വയനാട്ടിലെ ഇടയ്ക്കൽ ഗുഹയുടെ പ്രചരണത്തിനുവേണ്ടി ശ്രേയസ്സിൽ വച്ച് അഖിലേന്ത്യാ റോക്ക് ആർട്ട് സൊസൈറ്റി നടത്തിയ സെമിനാറിലും ഇടയ്ക്കൽ ഗുഹയെപ്പറ്റി വിശദവിവരങ്ങളടങ്ങിയ ലീഫ്ലെറ്റുണ്ടാക്കുന്നതിലും ഈ കേന്ദ്രം പങ്കാളിയായിട്ടുണ്ട്. പല കോളേജുകളിലും ഹെറിറ്റേജ് ക്ലബ്ബുകൾ സംഘടിപ്പിക്കുകയും അവയ്ക്കുചുറ്റുമുള്ള സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നേതൃത്വം കൊടുത്തുവരികയും ചെയ്യുന്നു. പൈതൃക പഠനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഡയറക്ടർ തയ്യാറാക്കിയ പുസ്തകം അച്ചടിയിലാണ്. ഹോർത്തൂസ് മലബാറിക്കസ് എന്ന പേരിൽ ഔഷധസസ്യങ്ങളുടെ പ്രചരണത്തിനായി രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ഹിൽപാലസിൽ ഔഷധോദ്യാനം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly